**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
**Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com**

No. DCA /2826/17 /SCOLE-Kerala                                                                 Date: 19.09.2017

**പത്രക്കുറിപ്പ്**

# വിജ്ഞാപനം

## സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ (DCA) കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു.

കേരള സർക്കാർ സ്ഥാപനമായ സ്കോൾ-കേരള മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട ഹയർസെക്കൻഡറി സ്കൂളുകളിൽ നടത്തുന്ന പിഎസ്സി അംഗീകരിച്ച തൊഴിലധിഷ്ഠിത കോഴ്സായ ഡിസിഎ (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേൻ) മൂന്നാം ബാച്ചിന്റെ (2017) അപേക്ഷ ക്ഷണിക്കുന്നു.

2017 സെപ്തംബർ 21 മുതൽ ഒക്ടോബർ 20 വരെ സ്കോൾ-കേരള വെബ്സൈറ്റായ www.scolekerala.org മുഖാന്തിരം വിദ്യാർഥികൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത കോഴ്സിന് SSLC/തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധിയില്ലാതെ അപേക്ഷിക്കാവുന്നതാണ്. റെഗുലർ ഹയർസെക്കൻഡറി പഠനത്തോടൊപ്പം സമാന്തരമായും പഠനം നടത്താവുന്ന വിധത്തിലാണ് ഈ കോഴ്സ് തയാറാക്കിയിട്ടുള്ളത്.

4800/- രൂപയാണ് കോഴ്സിന്റെ ആകെ ഫീസ്. ഇത് രണ്ടു ഗഡുക്കളായി അടയ്ക്കാവുന്നതാണ്. ആദ്യം അപേക്ഷിക്കുന്നവർക്ക് മുൻഗണന ലഭിക്കുന്ന രീതിയിലാണ് അഡ്മിഷൻ നടപടികൾ ക്രമീകരിച്ചിരിക്കുന്നത്. അഡ്മിഷൻ ഉറപ്പാകുന്ന വിദ്യാർഥികൾ മാത്രം ഫീസ് ഒടുക്കിയാൽ മതിയാകും. അപേക്ഷയും ഫീസ് ഒടുക്കിയ ചെലാന്റെ കോപ്പിയും പ്രവേശനം ലഭിച്ച സ്കൂൾ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

സ്കോൾ-കേരള മുഖാന്തിരം ഡി.സി.എ കോഴ്സിന് ഒന്നും (2015) രണ്ടും (2016) ബാച്ചിൽ ചേരുകയും കോഴ്സ് പൂർത്തിയാക്കാൻ സാധിക്കാതെ വരുകയും ചെയ്ത വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പുന:പ്രവേശനത്തിന് അവസരം നൽകുന്നു. 500/- രൂപയാണ് പുന:പ്രവേശനത്തിനുള്ള ഫീസ്. പുന:പ്രവേശനം നേടുന്നവർ മുൻ പഠനകേന്ദ്രം സ്കൂൾ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതാണ്. മുൻപ് ഡിസിഎ കോഴ്സിൽ രജിസ്റ്റർ ചെയ്തവരിൽ ഫീസ് കുടിശ്ശിക വരുത്തിയിട്ടുള്ളവർ ബാക്കി തുക പുന:പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം ഒടുക്കേണ്ടതാണ്.

വിശദവിവരങ്ങൾ സംസ്ഥാന ഓഫീസ്/ജില്ലാ ഓഫീസ്/www.scolekerala.org എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

ഒപ്പ്/-

**എക്സിക്യൂട്ടീവ് ഡയറക്ടർ**